പോഷകാഹാരം നൽകി അവരുടെ ആരോഗ്യ പോഷണ നിലവാരം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ അംഗൻവാടികളിലും കുമാരി സംഘങ്ങൾ രൂപീകരിക്കുകയും മാസത്തിൽ ഒരു ദിവസം ടി സംഘങ്ങളിലെ അംഗങ്ങൾക്കും, അമ്മ മാർക്കും, ആരോഗ്യപോഷണ വിദ്യാഭ്യാസവും കുടുംബ ആരോഗ്യ വിദ്യാഭ്യാസവും നൽകിവരുന്നുണ്ട്. ഈ പദ്ധതി ടി ഗുണഭോക്താക്കളുടെ ആരോഗ്യപോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിൽ എന്തുമാത്രം പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് വിലയിരുത്തുന്നതിനായി അവസാനം എന്റ് ലൈൻ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അഞ്ചു വർഷ കാലാവധിയുള്ള ഈ പദ്ധതിക്ക് മൊത്തം അംഗീകരിച്ച കേന്ദ്ര സഹായം 137.39 കോടി രൂപയാണ്.

(ഡി) അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി സംസ്ഥാന വിഹിതമായി 5 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. പോഷകാഹാര ചിലവിനായി പ്രതിവർഷം 12.27 കോടി രൂപയും സംസ്ഥാന സർക്കാർ ചിലവഴിക്കുന്നുണ്ട്. നിലവിലുള്ള പദ്ധതി 30-6-2005 വരെ തുടരുന്നതാണ്.

(ഇ) 30-6-2005 വരെ.

സിഡ്കോയുടെ പ്രവർത്തനങ്ങൾ

*6 [473] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
,, കോടിയേരി ബാലകൃഷ്ണൻ :
,, വി. കെ. സി. മമ്മത്കോയ :
,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ചെറുകിട വ്യവസായ വികസന കോർപ്പറേഷ (സിഡ്കോ)ന്റെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് എന്തെല്ലാം അസംസ്കൃത വസ്തുക്കളാണ് സിഡ്കോ വിതരണം ചെയ്യുന്നത്;

(സി) ഏതെല്ലാം ഉല്പന്നങ്ങൾക്കാണ് പൊതു ബ്രാന്റുകൾ രൂപപെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിൽ സിഡ്കോയുടെ പ്രവർത്തനം തൃപ്തികരമാണോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഉണ്ട്.

(ബി) ഇരുമ്പുരുക്ക് സാധനങ്ങൾ ടോർ സ്റ്റീൽ, സിമന്റ്, മെഴുക്, പ്ലാസ്റ്റിക് ഗ്രാന്യൂൾസ്, ടൈറ്റാനിയം ഡൈഓക്സൈഡ്, അലൂമിനിയം ഷീറ്റ്, ജി. ഐ. പൈപ്പ് തുടങ്ങിയ അസംസ്കൃത വസ്തുക്കളാണ് സിഡ്കോ വിതരണം ചെയ്തു കൊണ്ടിരിക്കുന്നത്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ ടാറും സിഡ്കോ വിതരണം ചെയ്യുന്നു.

(സി) സ്റ്റീൽ ഫർണിച്ചർ, തടികൊണ്ടുള്ള ഫർണിച്ചർ തുടങ്ങിയവയ്ക്ക് പൊതു ബ്രാന്റുകൾ രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ സിഡ്കോ സ്വീകരിച്ചു വരുന്നു.

(ഡി) 2003-04 കാലയളവിൽ ഏകദേശം 15 കോടി രൂപയ്ക്ക് ചെറുകിട വ്യവസായികളുടെ ഉൽപ്പന്നങ്ങൾ സിഡ്കോ വിതരണം നടത്തിയിട്ടുണ്ട്. കൂടുതൽ യൂണിറ്റുകളെ ഉൾപ്പെടുത്തിക്കൊണ്ട് വിതരണം വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

ആർ. ടി. ഒ. ഓഫീസുമായി ബന്ധപ്പെട്ട അഴിമതി

*7 [474] ശ്രീ. റോഷി അഗസ്റ്റിൻ :
,, കെ. നാരായണക്കുറുപ്പ് :
,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ. ടി. ഒ. ഓഫീസുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജന്റുമാർക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചേർന്ന് ഏജന്റുമാർ അഴിമതി നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അഴിമതി സംബന്ധിച്ച് എത്ര കേസുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഇതിൽ എത്ര കേസുകളിൽ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഇ) ഇടനിലക്കാരുടെ ഇടപെടൽ അവസാനിപ്പിക്കുന്നതിനും പ്രസ്തുത സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന അഴിമതി ശാശ്വതമായി ഇല്ലാതാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly